**D 93894** **(Pages : 3)** **Name.....................................**

**Reg. No...................................**

# FIRST SEMESTER (CBCSS—UG) DEGREE EXAMINATION
# NOVEMBER 2020

Malayalam

MAL 1A 07(3)—MALAYALA BHASHAYUM SAHITHYAVUM—I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer atleast* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

1. "ആരുണ്ടലിഞ്ഞു മിഴിനീരൊടുകാത്തുകൊള്ളാ

   നാരുണ്ടു ദൈവവുമൊരമ്മയുമെനി മന്നിൽ"—സന്ദർഭം വ്യക്തമാക്കുക.

2. "കുഞ്ഞായിരിക്കുമളവെത്ര സുഖം തരുന്നു തന്മക്കൾ" എന്ന് കവിതയിൽ പറയുന്നതിന്റെ പൊരുളെന്ത് ?

3. "നരികണ്ടോനേറിയാൽ നായാട്ടു നായക്കളെ

   ശ്ശരി, ഞാനോ വാറണ്ടുസ്സിപ്പായിമാരെ"—ഇതിലെ ആക്ഷേപം എന്ത് ?

4. അരിയില്ല, തിരിയില്ല, ദൂരിതമാണെന്നാലും നരി തിന്നാൻ നന്നോ മനുഷ്യമാരെ ?—ഈ വരികളിലെ സൂചനയെന്ത് ?

5. 'ചാഞ്ഞും ചരിഞ്ഞും നിന്നുമുള്ള പല പോസിലുള്ള ഫോട്ടോകൾ വേണം' എന്ന് പറയുവാൻ കാരണ-മെന്ത് ?

6. ഒറ്റഫോട്ടോയിലും പെടാത്തവർ എന്തിനു തുല്യം എന്നാണ് കവി പറയുന്നത് ?

7. 'ലോല' എന്ന പെൺകുട്ടിയിൽ കഥാനായകൻ ആകൃഷ്ടനാകാനുള്ള കാരണമെന്ത് ?

8. ലോല എന്ന കഥാപാത്രത്തിൽ പ്രകടമാകുന്ന സാഹിത്യവിചിന്തനങ്ങളെ കുറിച്ചെഴുതുക.

9. വരവീണ കുപ്പിഗ്ലാസുകൾ പോലെയാണ് ബന്ധങ്ങൾ—ഒത്തുതീർപ്പുകൾ എന്ന കഥയിൽ പറയുന്നത് എന്തുകൊണ്ട് ?

10. വിവർണ്ണമായ മുഖത്തോടെ സന്ദേഹത്തോടെ ഭർത്താവ് അതിവേഗം മുറിവിട്ട് പോയപ്പോൾ സരള നിശ്ചലമായ മനസോടെ ജനൽ അരികിലേക്ക് നടന്നു.—സന്ദർഭം എന്ത് ?

**Turn over**

11. ലൗകിക സുഖങ്ങൾ മീരയിൽ ഉണ്ടാക്കുന്ന വിധം 'മീരപാടുന്നു' എന്ന കവിതയിൽ പ്രകടമാകുന്നത് എങ്ങനെ ?

12. മീരയുടെ ബാല്യകാലസ്മരണകൾ വിവരിക്കുക ?

13. കോവിലൻ എന്ന പേരിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആരാണ് ?

14. എസ്.കെ. പൊറ്റക്കാടിന്റെ പ്രധാന യാത്ര വിവരണങ്ങൾ ഏതെല്ലാം ?

15. ആവിഷ്ക്കരണ ചരിത്രം തന്നെയാണ് നമ്മുടെ സാംസ്കാരിക ചരിത്രം എന്ന് പറയുന്നതിന്റെ യുക്തിയെന്ത് ?

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

16. "കൊല്ലേണ്ടതെങ്ങനെ" എന്ന കവിതയിലെ മാതൃസമീപനത്തെ കുറിച്ച് വിവരിക്കുക.

17. "ഇടയുള്ളോർ വാദിപ്പാൻ മാർഗ്ഗവും ലക്ഷ്യവും മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

18. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണം എന്നത് ഒരു വലിയ സാമൂഹ്യ പ്രശ്നമാണെന്ന വസ്തുതയെ കൊല്ലപ്പെടേണ്ടതെങ്ങനെ എന്ന കവിതയെ മുൻനിർത്തി വിശദമാക്കുക.

19. പല പോസിലുള്ള ഫോട്ടോകൾ എന്ന കവിത വർത്തമാനകാല ജീവിതത്തിന്റെ നേർ സാക്ഷ്യങ്ങളാണ് വിശദീകരിക്കുക ?

20. ഒറ്റ കണ്ണുള്ള ക്യാമറയിലൂടെ ലോകത്തെ നോക്കുമ്പോൾ കവിക്കെന്തെല്ലാമാണ് കാണുവാൻ കഴിയുന്നത്. പല പോസിലുള്ള ഫോട്ടോകൾ എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക ?

21. 'ഭാവനയും സൗന്ദര്യവും' ലോലയിൽ ഏങ്ങനെയെല്ലാം പ്രകടമായിരുന്നു ? വിശദീകരിക്കുക.

22. കുപ്പമ്മ, സരള—കഥാപാത്രം നിരൂപണം.

23. മീര പാടുന്നു എന്ന കവിതയിൽ ശ്രീകൃഷ്ണൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എങ്ങനെ ?

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. ‘ഇടയ്ക്കിടെ എന്റെ കൈകളിൽ അവൾ മൃദുവായി ചുംബിച്ചു. മറ്റു ചിലപ്പോൾ നിശബ്ദമായി മുഖത്തേക്ക് നോക്കി: അവൾ ഒരു അമേരിക്കക്കാരിയാണെന്ന് വിശ്വസിക്കാൻ ആ നിമിഷങ്ങളിൽ പ്രയാസം തോന്നി’ പ്രണയവും വിരഹവും ചെറുകഥയിൽ ഒരേ സമയം അനാവൃതമാകുന്നതെങ്ങനെ ?

25. മീര പാടുന്നു എന്ന കവിത സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാണ് ? വിശദീകരിക്കുക .

26. ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്രമാണ് കാപ്പിരികളുടെ നാട്ടിൽ—വിവരിക്കുക ?

27. ദളിത് ജീവിതത്തിന്റെ സത്യസന്ധവും യഥാർത്ഥ പകർപ്പാണ് പൊക്കുടന്റെ ആത്മകഥ—ചർച്ച ചെയ്യുക ?

(2 × 10 = 20 marks)